LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം പദ്ധതി

181 (5586) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യുടെ പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം സെന്ററിൽ സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രത്തിൽ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ പ്രകൃതിയോട് പൂർണ്ണമായി ഇണങ്ങുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം മാത്രമാണ് പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം സെന്ററിൽ നടത്തി വരുന്നത്. ഇവ അപര്യാപ്തമാക്കുന്ന രീതിയിലുള്ള സന്ദർശകരുടെ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുദിനം വർദ്ധിച്ചുവരുന്ന സന്ദർശകരുടെ എണ്ണത്തിന് ആനുപാതികമായും ജലാശയത്തിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലും സെന്ററിലെ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ടോയ്‌ലറ്റ്, കഫേറ്റീരിയ, കുട്ടികളുടെ കളിസ്ഥലം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതി

182 (5587) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വയനാട് ജില്ലയിലെ ബാണാസുര സാഗറിൽ ഇപ്പോൾ നടന്നുവരുന്ന ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അനുസരിച്ച് 135.80 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബാണാസുര സാഗർ മെഗാ ടൂറിസം പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതി പ്രകാരം ബാണാസുര സാഗർ തടാകത്തിലെ 28 ദ്വീപുകളിൽ ഓരോന്നിലും അവയുടെ പരിസ്ഥിതിക്ക് അനുസൃതമായി വൈവിധ്യപൂർണ്ണമായ താമസസൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആകർഷണങ്ങളും മേൽപ്പറഞ്ഞ ദ്വീപുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ഹോവർ ക്രാഫ്റ്റ്, റോപ്പ്വേ തുടങ്ങിയ യാത്രാ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

അനെർട്ടിലേയും ഊർജ്ജ സുരക്ഷാ മിഷനിലേയും ഡെപ്യൂട്ടേഷൻ ജീവനക്കാർ

183 (5588) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിലും, ഊർജ്ജ സുരക്ഷാ മിഷനിലുമായി എത്ര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ; ഇവരെ ഏതെല്ലാം ഡിപ്പാർട്ടുമെന്റിൽ നിന്നാണ് നിയമിച്ചിട്ടുള്ളത് ; ഓരോരുത്തരുടേയും നിയമന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) മേൽ നിയമനം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്ക് എതിരെ 2010-ൽ സർക്കാരിന് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് ; പേര് ഉൾപ്പെടെ വിശദമാക്കുമോ ; പരാമർശത്തിന്റെ കോപ്പിയും, തുടർന്ന് എന്ത് നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കുമോ ;

(സി) ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയിലേക്ക് എത്ര ടെക്നിക്കൽ അസിസ്റ്റന്റുമാർ, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട് ; ഇവരുടെ നിയമന രീതി എപ്രകാരമായിരുന്നു ; ഇതുവരെ ശമ്പള ഇനത്തിൽ എത്ര രൂപ ഓരോരുത്തരും ഓരോ മാസവും കൈപ്പറ്റി ; ഇവർക്ക് ട്രെയിനിംഗ് കൊടുത്തതിന് നാളിതുവരെ എന്ത് തുകയായി ; എല്ലാം തരം തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) അനെർട്ടിലും ഊർജ്ജ സുരക്ഷാ മിഷനിലും കുടുംബശ്രീ യൂണിറ്റ് വഴി എത്ര പേരെ നിയമിച്ചിട്ടുണ്ട് ; നിയമനരീതി എപ്രകാരമായിരുന്നു ; നിയമന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ശമ്പള ഇനത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചു ; ഏതെങ്കിലും കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇവരെ നിയമിച്ചതെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനെർട്ടിൽ 26 പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽ നിന്നും നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ, നിയമന ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ യഥാക്രമം അനുബന്ധം 1, 2 ആയി ചേർക്കുന്നു.†

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly